# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 24 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വാഴാനി ഡാം തുറന്നു

ജലനിരപ്പ് 60.58 മീറ്ററിലെത്തിയതിനെ തുടർന്ന് വാഴാനി ഡാം തുറന്നു. ഒരു ഷട്ടറാണ് 5 സെന്റീമീറ്റർ ഉയർത്തിയത്. ഡാമിന്റെ പരമാവധി സംഭരണ ശേഷി 62.48 മീറ്ററാണ്.ആകെ നാല് സ്പിൽവേ ഷട്ടറുകളാണ് ഡാമിനുള്ളത്. ഡാം തുറന്നതിനെത്തുടർന്ന് വടക്കാഞ്ചേരി പുഴയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ തെക്കുംകര, എരുമപ്പെട്ടി, വേലൂർ, ചൂണ്ടൽ,കണ്ടാണശ്ശേരി, എളവള്ളി, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം കെ ഷീജ, തെക്കുംകര ഗ്രാമ പഞ്ചായത്ത് നാലാം വാർഡ് മെമ്പർ വി ജി സുരേഷ് കുമാർ, വടക്കാഞ്ചേരി നഗരസഭ കൗൺസിലർമാരായ സോമ നാരായണൻ, അരവിന്ദാക്ഷൻ, ജല വിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ ബാലു വർഗീസ്, അസിസ്റ്റന്റ് എക്സിക്യുടീവ് എൻജിനിയർ ടി കെ ജയരാജ്, അസിസ്റ്റന്റ് എൻജിനിയർ പി എൻ രാഘവൻ, ദുരന്ത നിവാരണ വകുപ്പ് മേധാവികൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് ഡാം തുറന്നത്.

## പ്രളയബാധിത കർഷരുടെ പച്ചക്കറി വിപണി 26 മുതൽ

തുടർച്ചയായി രണ്ടാ വർഷവും പ്രളയം നേരിട്ട കർഷകർ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ കൃഷിവകുപ്പു മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തേക്കിൻകാട് തെക്കേ ഗോപുരനടയ്ക്കു സമീപം പച്ചക്കറി വിപണി ഒരുക്കുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള പ്രളയബാധിത കർഷകരുടെ നേന്ത്രക്കായയും പച്ചക്കറികളും വിറ്റഴിക്കുന്നതിനാണ് ഈ വിപണി. കൃഷി വകുപ്പിനു പുറമേ ഹോർട്ടികോർപ്പ്, വിഫ്പിസികെ തുടങ്ങിയ സർക്കാർ ഏജൻസികളും വിപണിയിൽ പങ്കാളികളാവും. ആഗസ്റ്റ് 26 മുതൽ സെപ്തംബർ 2 വരെ വിപണി പ്രവർത്തിക്കും.

വിപണിയുടെ ഉദ്ഘാടനം ആഗസ്റ്റ് 26 ന് രാവിലെ 11 ന് കൃഷി വകുപ്പു മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ നിർവഹിക്കും. ടി എൻ പ്രതാപൻ എംപി, മേയർ അജിത വിജയൻ, ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, വൈസ് പ്രസിഡന്റ് ഉദയപ്രകാശ്, കൗൺസിലർ എം എസ് സമ്പൂർണ്ണ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ ബി മോഹനൻ, കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ അനിത കരുണാകരൻ, വിഎഫ്പിസികെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സജിജോൺ, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സജീവ്, ജില്ലാ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ, ജനപ്രതിനിധികൾ, കർഷകർ എന്നിവർ പങ്കെടുക്കും.

## സിഎംഡിആർഎഫിലേക്ക്
## ആരോഗ്യവകുപ്പ് ഒരു ലക്ഷം രൂപ നൽകി

കേരള സാഹിത്യ അക്കാദമിയുടെ പ്രളയാക്ഷരങ്ങൾ പുസ്തകം വിറ്റത് വഴി ലഭിച്ച ഒരു ലക്ഷം രൂപ ജില്ലാ ആരോഗ്യ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥിന്റെ സാന്നിദ്ധ്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന തുക കൈമാറിയത്. അഞ്ഞൂറ് പുസ്തകങ്ങളാണ് വിറ്റതിൽ നിന്നുള്ള തുകയാണ് കൈമാറിയത്. ജില്ല കളക്ടർ എസ് ഷാനവാസ്, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി വി സതീശൻ, ആർസിഎച്ച് ഓഫീസർ ഡോ. ഉണ്ണികൃഷ്ണൻ എന്നിവർ സന്നിഹിതരായി.

## എക്സ്ഗ്രേഷ്യ ധനസഹായം: രേഖകൾ നൽകണം

ഓണക്കാലത്ത് നൽകി വരുന്ന എക്സ്ഗ്രേഷ്യ ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് ആഗസ്റ്റ് 27 നകം ജില്ലാ ലേബർ ഓഫീസിൽ നൽകണം. ഒല്ലൂക്കര ബ്ലോക്ക് ഡിഫൈബറിങ്ങ് മിൽ ലിമിറ്റഡ് നമ്പർ-ആർ 937, മണലൂർ കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ-ആർ 592, വെള്ളാങ്കല്ലൂർ ബ്ലോക്ക് ഡിഫൈറിങ്ങ് വർക്കേഴ്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ-906, മാള പട്ടികജാതി റിഫൈറിങ്ങ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ-ആർ 914, വെൺമനാട് മുനയ്ക്കൽ കടവ് കയർ വ്യവസായ സഹകരണസംഘം ലിമിറ്റിഡ് നമ്പർ-518, പെരിങ്ങണ്ടൂർ ഹാരിഷ് യാൺസ്, പെരിങ്ങണ്ടൂർ നിഡിൻ സ്പിന്നേഴ്സ്, പെരിങ്ങണ്ടൂർ രോഹിത് കോട്സ്, ഒല്ലൂർ ഇടിഎം വൈദ്യശാല, കോലഴി സൺടെക് ട്യൂബ്സ്, അത്താണി ഫോസ്റ്റർ മാർക്കറ്റിങ് ലിമിറ്റഡ്, പുതുക്കാട് വിക്ടർ റബ്ബർ ഇൻഡസ്ട്രീസ്, കടുപ്പശ്ശേരി ഫ്രഷ് കോക്കനട്ട് പ്രൊഡക്ട്സ്, കുന്നംകുളം ബയോ റിസർച്ച് ലാബോറട്ടറി, പുത്തൻചിറ മൈക്രോവേവ് പ്രൊഡക്ട്സ് ഇന്ത്യ ലിമിറ്റഡ്, മരത്താക്കര സെന്റ് സിറിയക് ടൈൽ വർക്കേഴ്സ് , കൊരട്ടി വൈഗൈ ത്രെഡ് പ്രോസസ്സേഴ്സ് ലിമിറ്റഡ്, ചന്ദ്രിക ടൈൽ വർക്സ് എന്നിവയാണ് സ്ഥാപനങ്ങൾ.

## സൈനിക സ്കൂൾ പ്രവേശന പരീക്ഷ

തിരുവനന്തപുരം കഴക്കൂട്ടം സൈനിക് സ്കൂൾ 2020-21 അദ്ധ്യയന വർഷം ആറ്, ഒൻപത് ക്ലാസ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ 2020 ജനുവരി അഞ്ചിന് നടക്കും. കഴക്കൂട്ടം സൈനിക് സ്കൂൾ, കോട്ടയം കാരാപ്പുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, എറണാകുളം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കോഴിക്കോട് നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പാലക്കാട് കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയാണ് പരീക്ഷകേന്ദ്രങ്ങൾ. താൽപര്യമുള്ളവർക്ക് ഓൺലൈൻ അപേക്ഷ www.sainikschooltvm.nic.in എന്ന വെബ്സൈറ്റിലൂടെ സെപ്തംബർ 23 നകം നൽകാം. ഫോൺ: 0471-2781400.

## ഓരുജല മത്സ്യകർഷകരുടെ സെമിനാർ സമാപിച്ചു

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ ഓരുജല മത്സ്യകർഷകർക്കായി മൂന്നുദിവസമായി സംഘടിപ്പിച്ച സെമിനാർ സമാപിച്ചു. സെമിനാറിൽ പങ്കെടുത്ത 20 മത്സ്യ കർഷകർക്ക് സ്റ്റൈപ്പൻഡും ട്രെയിനിങ് സർട്ടിഫിക്കറ്റും വിതരണം ചെയ്തു. സമാപന സമ്മേളനം പഞ്ചായത്ത് പ്രസിഡന്റ് വി കെ നദീർ ഉദ്ഘാടനം ചെയ്തു. എംപിഇഡിഎ ജോയിന്റ് ഡയറക്ടർ ഡോ. ഉപാധ്യായ മുഖ്യാതിഥിയായ ചടങ്ങിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ഐ നിസാർ അധ്യക്ഷത വഹിച്ചു. മഞ്ജുഷ കെ, എൽസമ്മ ഇത്താക്ക്, ടി എസ് ശശിധരൻ നായർ, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## മതിലകം ഗ്രാമപഞ്ചായത്ത് ഇനി മുതൽ കേരഗ്രാമം

മതിലകം ഗ്രാമപഞ്ചായത്ത് ഇനി മുതൽ കേരഗ്രാമം. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന കേരഗ്രാമം പദ്ധതിയിലൂടെയാണ് പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചത്. കേരഗ്രാമം പദ്ധതിയിലൂടെ നടപ്പാകുന്നത് പഞ്ചായത്തിലെ 43750 തെങ്ങുകളുടെ ശാസ്ത്രീയമായ പരിചരണമാണ്. 250 ഹെക്ടറിലേക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതിയിൽ ഒരു ഹെക്ടറിൽ 175

തെങ്ങുകൾ ആണ് ഉണ്ടാവുക. നാളികേര ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും പദ്ധതി ഗുണം ചെയ്യും.

പഞ്ചായത്തിൽ കേരഗ്രാമം നടത്തിപ്പിനായി 50.17 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 38 ലക്ഷം രൂപയാണ് കർഷകർക്കായി നീക്കി വെച്ചിരിക്കുന്നത്. ഇതിൽ പഞ്ചായത്ത് കേരസമിതിയ്ക്ക് പദ്ധതി നടത്തിപ്പിനായി അഞ്ച് ലക്ഷം രൂപയും ലഭിക്കും. തെങ്ങുകൃഷി പരിപാലനം, ജലപോഷണം, തെങ്ങുകയറ്റയന്ത്രങ്ങൾ, ജൈവവള നിർമാണ യൂണിറ്റുകളുടെ സ്ഥാപനം എന്നിവയ്ക്കായി 12.17 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജൈവവള നിർമാണ യൂണിറ്റുകളുടെ സ്ഥാപനത്തിനായി യൂണിറ്റൊന്നിന് രണ്ട് ലക്ഷം രൂപ വീതം ലഭിക്കും. പദ്ധതിയുടെ നടത്തിപ്പിനായി പഞ്ചായത്ത് യോഗം ചേർന്ന് ഓരോ വാർഡിലും കൗൺസിലർമാരെ തെരഞ്ഞെടുത്തു. പിന്നീട് ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതി ആവിഷ്കരിച്ച്, കേരസമിതി രജിസ്റ്റർ ചെയ്തു.

നാളികേര ഉത്പാദനം ശാസ്ത്രീയമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച പദ്ധതിയാണ് കേരഗ്രാമം. തെങ്ങ് കൃഷിയ്ക്ക് സമഗ്രപരിചരണത്തിനായി തടം തുറക്കൽ, ഉത്പാദനോപാധികൾ നൽകൽ, പമ്പ്സെറ്റ്, മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ വിവിധ ഇനങ്ങൾക്കായി സബ്സിഡി നൽകുന്ന ബൃഹദ് പദ്ധതിയാണിത്. മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഇ.ടി. ടൈസൺമാസ്റ്റർ എംഎൽഎ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മതിലകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.ജി. സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി മതിലകം കേരസമിതിയും രൂപീകരിച്ചു. മതിലകം കൃഷി അസിസ്റ്റൻറ് ഡയറക്ടർ ജ്യോതി.പി. ബിന്ദു പദ്ധതി വിശദീകരിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. അബീദലി മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബി.ജി. വിഷ്ണു, നൗഷാദ് കൈതവളപ്പിൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലെന അനിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുവർണ്ണ ജയശങ്കർ, കൃഷി ഓഫീസർ ബൈജു ബേബി, കൃഷി അസിസ്റ്റന്റ് കെ.ജെ. ഉല്ലാസ് എന്നിവർ പങ്കെടുത്തു.

## ഷീ സ്കിൽസ്:
## അപേക്ഷ ക്ഷണിച്ചു

പത്താം ക്ലാസ്സ് യോഗ്യതയുള്ള 15 വയസ്സിനു മുകളിലുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനമായ ഷീ സ്കിൽസിന് അപേക്ഷ ക്ഷണിച്ചു. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ അംഗീകാരമുള്ള 3 മാസത്തെ പരിശീലനത്തിൽ സോഫ്റ്റ് സ്കിൽ പരിശീലനവും ഇന്റേൺഷിപ്പും പ്ലേസ്മെന്റ് സപ്പോർട്ടും ലഭിക്കും. രജിസ്ട്രേഷൻ ഫീസില്ല. പരിശീലന മേഖല, കേന്ദ്രം യഥാക്രമ ത്തിൽ. ഹാൻഡ് എംബ്രോയ്ഡർ:തൃശൂർ, വടക്കാഞ്ചേരി- മ്യൂച്വൽ ഫണ്ട് ഏജന്റ്:തൃശൂർ, കൊടുങ്ങ ല്ലൂർ-റീറ്റെയ്ൽ ട്രെയിനീ അസ്സോസിയേറ്റ്:തൃശൂർ, കൊടുങ്ങല്ലൂർ-സ്വീയിങ്ങ് മെഷീൻ ഓപ്പറേറ്റർ, ഫ്രണ്ട് ഓഫീസ് അസ്സോസിയേറ്റ്, അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് :തൃശൂർ-ഓർഗാനിക് ഗ്രോവർ :കൊടുങ്ങല്ലൂർ-ഫ്ളോറികൾച്ചർ കൾട്ടിവേഷൻ:ചാവക്കാട്-ജിഎസ്ടി അക്കൗണ്ടസ് എക്സിക്യൂട്ടീവ്, അക്കൗണ്ട്സ് എക്സിക്യൂട്ടീവ്:തൃശൂർ, കൊടകര, ഇരിങ്ങാലക്കുട-റീറ്റെയൽ സെയിൽസ് അസോസിയേറ്റ്:കൊടുങ്ങല്ലൂർ. കൂടുതൽ വിവരങ്ങൾ www.asapkerala.gov.in. എന്ന വെബ്സൈറ്റിലെ ഷീ സ്കിൽസ് 2019 ആപ്ലിക്കേഷൻ ലിങ്കിൽ ലഭിക്കും. ഫോൺ : 9495999795 (തൃശൂർ), 9495999628 (കൊടുങ്ങല്ലൂർ), 9495999683 (വടക്കാഞ്ചേരി), 9495999721 (ഇരിങ്ങാലക്കുട), 9526006433 (കൊടകര), 9495999670 (വലപ്പാട്), 9526039703 (ചാവക്കാട്).

## നാശനഷ്ടം അറിയിക്കണം

തൃശൂർ ജില്ലയിൽ പിഎംഇജിപി പദ്ധതി പ്രകാരം ധനസഹായം സ്വീകരിച്ച് ആരംഭിച്ച യൂണിറ്റുകളിൽ 2019 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതിമൂലം നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ വിവരം അറിയിക്കണമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. ഫോൺ: 0487-2338699.

## സൗജന്യ പരിശീലനം

വിമുക്തഭടന്മാർ അവരുടെ വിധവകൾ/ആശ്രിതർ എന്നിവരുടെ പുന:രധിവാസത്തിന്റെ ഭാഗമായി തൃശൂർ ജില്ലാ സൈനികക്ഷേമ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ ഫയർ ആൻഡ് സേഫ്റ്റി എന്നീ കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ ആഗസ്റ്റ് 30 നകം അപേക്ഷ ജില്ലാ സൈനികക്ഷേമ ഓഫീസിൽ നൽകണം. ഫോൺ: 0487-2384037.

# കുരുവിലശ്ശേരി വില്ലേജ് ഓഫീസ് സ്മാർട്ടാകുന്നു

കുരുവിലശ്ശേരി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാകുന്നു. 2019-20 സാമ്പത്തിക വർഷം സ്മാർട്ട്റവന്യൂ ഓഫീസ് പദ്ധതി പ്രകാരം കുരുവിലശ്ശേരി വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി പുനർനിർമിക്കുന്നതിന് നാൽപ്പത്തിനാല് ലക്ഷം രൂപ അനുവദിച്ചു. സ്മാർട്ട് വില്ലേജ് ഓഫീസ് ആയി മാറുന്നതോടെ ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടും. മുപ്പത്തിയാറ് വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത്. സ്മാർട്ട് ഓഫീസ് ആകുന്നതിലൂടെ ഓഫിസ് സംവിധാനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറും. രേഖകൾ സൂക്ഷിക്കുന്നതിനായി റെക്കോർഡ് റൂം സജ്ജീകരിക്കും. അടിയന്തരമായി യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിന് കോൺഫറൻസ് ഹാൾ സംവിധാനം കൊണ്ടുവരും. ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് ഇരിപ്പിടം, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കും. നിലവിൽ ആലത്തൂർ കുരുവിലശ്ശേരി ഗ്രൂപ്പ് വില്ലേജാണ്. മാള പഞ്ചായത്തിന്റെ അഞ്ചു വാർഡുകളും അന്നമനട പഞ്ചായത്തിന്റെ ഒൻപതു വാർഡുകളുമാണ് കുരുവിലശ്ശേരി വില്ലേജ് പരിധിയിൽ വരുന്നത്.വില്ലേജ് ഓഫീസ് സ്മാർട്ട് ആകുന്നതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകും.